(32) ഡാമിൽ മുങ്ങി മരിച്ച ഷാജിയുടെയും വാഹനാപകടത്തിൽ മരിച്ച ബന്ധുക്കളുടെയും കുടുംബത്തിന് ധനസഹായം

ശ്രീ. ബി. രാഘവൻ : സർ, എന്റെ മണ്ഡലത്തിലെ മൂന്നുപേരുടെ അതിദാരുണമായ അപകടമരണത്തെ സംബന്ധിച്ചാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കരീപ്ര-കോട്ടേക്കുന്ന് കോളനിയിലെ താമസക്കാരൻ നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരുന്ന ഷാജി കട്ടപ്പനയിൽ ജോലിക്കുപോയ സന്ദർഭത്തിൽ മുല്ലപ്പെരിയാർ ഡാമിൽ കുളിച്ചുകൊണ്ടിരുന്നപ്പോൾ കാൽവഴുതി വീഴുകയും മരണപ്പെടുകയും ചെയ്തു. രണ്ടുദിവസം കഴിഞ്ഞാണ് മൃതശരീരം കിട്ടിയത്. ഈ മരണവാർത്ത അറിഞ്ഞ് ബന്ധുക്കളായ ദേവദാസനും അശോകനും അവിടേയ്ക്കുപോയി. പോസ്റ്റുമോർട്ടം കഴിഞ്ഞ് മടങ്ങിവരുന്ന സന്ദർഭത്തിൽ അടൂർ തട്ടയിൽവച്ച് മറ്റൊരു വണ്ടിയുമായി കൂട്ടിമുട്ടി അപകടമുണ്ടായി രണ്ടുപേരും മരണപ്പെട്ടു. ഏഴോളം പേർ കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. പട്ടികജാതിക്കാരാണ്. ഡാമിൽ മുങ്ങിമരിച്ച നിർമ്മാണത്തൊഴിലാളിയായ ഷാജിയുടേയും വാഹനാപകടത്തിൽ മരിച്ച ബന്ധുക്കളുടേയും കുടുംബങ്ങൾക്ക് ധനസഹായം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ശ്രീ. ബി. രാഘവൻ ഇവിടെ പറഞ്ഞത് ഏറ്റവും ദുഃഖകരമായതും വലിയൊരു അപകടവുമാണ്. മാനദണ്ഡം അനുസരിച്ച് ധനസഹായം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതലായി എന്തുചെയ്യാൻ കഴിയുമെന്ന് മന്ത്രിസഭായോഗത്തിൽ ആലോചിക്കാം.

(33) പാലക്കാട് ശബരി ആശ്രമത്തിന്റെ ശോച്യാവസ്ഥ

ശ്രീ. ടി. എൻ. പ്രതാപൻ : സർ, മഹാത്മാഗാന്ധി മൂന്നുതവണ സന്ദർശിച്ച പാലക്കാട് അകത്തേത്തറയിലെ ശബരി ആശ്രമത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. അച്ഛനമ്മമാർ ഇല്ലാത്ത, ഉണ്ടായിട്ടും പുലർത്താൻ കഴിവില്ലാത്ത കുടുംബങ്ങളിലെ 30 അനാഥ കുട്ടികളാണ് ഇവിടെ താമസിച്ച് പഠിക്കുന്നത്. ഇവർ താമസിക്കുന്ന ഹോസ്റ്റലിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. പൊട്ടിപ്പൊളിഞ്ഞ ചുമരുകൾ, ജനാലകൾ, പൊട്ടിയ മേൽക്കൂര, കിടക്കാനും പുതയ്ക്കാനും വിരിയില്ലാത്തതിന്റെ അവസ്ഥ, മതിയായ വേതനം നൽകാത്തതിനാൽ പാചകക്കാർ ഇല്ല. കൃത്യമായ സൗകര്യവുമില്ല. ഏറ്റവും അധികം ദേശീയ നേതാക്കൾ സന്ദർശിച്ച എല്ലാ ജാതി-മതക്കാർക്കും ഒരുമിച്ച് ഒരേ മുറിയിലിരുന്ന് വിദ്യാഭ്യാസം ചെയ്യാൻ ഭാരതത്തിൽ ആദ്യമായി വേദിയൊരുക്കിയ ശബരി ആശ്രമത്തോടുള്ള അവഗണന അവസാനിപ്പിക്കണം. ഇതുസംബന്ധിച്ച് മാതൃഭൂമി പത്രം കഴിഞ്ഞ സൺഡേ സപ്ലിമെന്റിൽ വളരെ വിശദമായി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിലാണ് ഈ സ്ഥലം. ഇത് മഹാത്മാഗാന്ധിയോടുള്ള അനാദരവായി മാറുകയാണ്. അതുകൊണ്ട് അടിയന്തരമായി ടൂറിസം വകുപ്പിന്റെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും സഹായത്തോടുകൂടി ശബരി ആശ്രമം പരിഷ്ക്കരിക്കണം. അതിനാവശ്യമായ സൗകര്യം ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly